**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 82** **04-10-2021 - ൽ മറുപടിയ്ക്ക്**

**ശബരിമല സ്ത്രീ പ്രവേശനം, പൗരത്വ പ്രക്ഷോഭം എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് ഇതുവരെയായി എത്ര കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ബഹു.സുപ്രീംകോടതിയുടെ ശബരിമല സ്ത്രീപ്രവേശന വിധിക്കെതിരെയും പൗരത്വ ഭേദഗതി നിയമത്തി നെതിരെയും നിയമാനുസൃതം പ്രതിഷേധിച്ചവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ശബരിമല സ്ത്രീപ്രവേശന വിധിക്കെതിരെ നടന്ന അക്രമസമര ങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന ത്തൊട്ടാകെ 2636 കേസുകളും പൗരത്വ ഭേദഗതി നിയമത്തിനെതിരെ നടന്ന പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ 836 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പൗരത്വ പ്രക്ഷോഭവുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്; | (ബി) | ബഹു.സുപ്രീംകോടതിയുടെ ശബരിമല സ്ത്രീപ്രവേശന വിധിക്കെതിരെയും പൗരത്വ ഭേദഗതി നിയമത്തി നെതിരെയും നിയമാനുസൃതം പ്രതിഷേധിച്ചവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ശബരിമല സ്ത്രീപ്രവേശന വിധിക്കെതിരെ നടന്ന അക്രമസമര ങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന ത്തൊട്ടാകെ 2636 കേസുകളും പൗരത്വ ഭേദഗതി നിയമത്തിനെതിരെ നടന്ന പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ 836 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | രണ്ട് വിഭാഗത്തിലും ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ; | (സി) | വിവരം ശേഖരിച്ച് വരുന്നു. |
| (ഡി) | പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട കേസുകൾ പിൻവലിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (ഡി) | ശബരിമല സ്ത്രീ പ്രവേശന വിഷയവുമായി ബന്ധപ്പെട്ടുണ്ടായ ബഹു.സുപ്രീംകോടതി വിധിയെ തുടർന്നും, പൗരത്വ ഭേദഗതി നിയമം കൊണ്ടു വന്നതിനെ തുടർന്നും സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവം ഇല്ലാത്ത കേസുകൾ പിൻവലിയ്ക്കുന്നതിനുള്ള തുടർനടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിയ്ക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |
| (ഇ) | എങ്കിൽ ഇതിനുവേണ്ടി ഇക്കാലയളവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഇ) | ഇതിനായി, ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ നിലവിലെ സ്ഥിതി, സ്വഭാവം എന്നിവ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംബ്രാഞ്ച്) തിരുവനന്തപുരം റേഞ്ചിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ